©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, വെള്ളി<br>Thiruvananthapuram, Friday | 2018 സെപ്റ്റംബർ 14<br>14th September 2018<br>1194 ചിങ്ങം 29<br>29th Chingam 1194<br>1940 ഭാദ്രം 23<br>23rd Bhadra 1940 | നമ്പർ<br>No. 2352 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ജി) വകുപ്പ്

### വിജ്ഞാപനം

*2018 സെപ്റ്റംബർ 14*
*1194 ചിങ്ങം 29*
*1940 ഭാദ്രം 23.*

നമ്പർ 23606/ലെഗ്.ജി2/2017/നിയമം. *തിരുവനന്തപുരം,*

2018 സെപ്റ്റംബർ 14-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/3482/2018/S-11.

## 2018-ലെ 48-ാം നമ്പർ ഓർഡിനൻസ്

# 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

കോഴിക്കോട് സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണത്തിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—2017-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് (2017-ലെ 24) 2017 നവംബർ 20-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2018 ജനുവരി 22-ാം തീയതി ആരംഭിച്ച് 2018 ഫെബ്രുവരി 7-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 99-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് (2018-ലെ 15) 2018 ഫെബ്രുവരി 12-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിട്ടുള്ളതിനാലും;

2018 ഫെബ്രുവരി 26-ാം തീയതി ആരംഭിച്ച് 2018 ഏപ്രിൽ 4-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 118-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് (2018-ലെ 23) 2018 ഏപ്രിൽ 7-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിട്ടുള്ളതിനാലും ;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും കോഴിക്കോട് സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും എല്ലാ അധികാരങ്ങളും വിനിയോഗിക്കുന്നതിനും എല്ലാ ചുമതലകളും നിർവ്വഹിക്കുന്നതിനുമായി പ്രസ്തുത ഓർഡിനൻസ് (2018-ലെ 23) പ്രകാരം രൂപീകരിച്ച താൽക്കാലിക നികായത്തിന്റെ കാലാവധി 2018 മേയ് 27-ാം തീയതി അവസാനിക്കുമെന്നതിനാലും 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിലെ (1975-ലെ 5) വ്യവസ്ഥകൾക്ക് അനുസൃതമായി സെനറ്റും സിൻഡിക്കേറ്റും പുനഃസംഘടിപ്പിച്ചിട്ടില്ലാത്തതിനാലും സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തിനായി, 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസിലെ (2018-ലെ 23) 2-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള "ആറുമാസക്കാലത്തേക്കോ" എന്ന വാക്കിന് പകരം "പന്ത്രണ്ട് മാസക്കാലത്തേക്കോ" എന്ന് ഭേദഗതി വരുത്തിക്കൊണ്ട് 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) (ഭേദഗതി) ഓർഡിനൻസ് (2018-ലെ 37) 2018 മേയ് 14-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിട്ടുള്ളതിനാലും;

2018 ജൂൺ 4-ാം തീയതി ആരംഭിച്ച് 2018 ജൂൺ 25-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസുകൾക്കുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 146-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസുകളിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് (2018-ലെ 40) 2018 ജൂലൈ 6-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിട്ടുള്ളതിനാലും;

പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2018 ആഗസ്റ്റ് 30-ാം തീയതി ആരംഭിച്ച് അന്നേ ദിവസംതന്നെ അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് (2018-ലെ 40) 2018 ഒക്ടോബർ 11-ാം തീയതി പ്രാബല്യത്തിലില്ലാതായിത്തീരുമെന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്നപക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും, താൻ സത്വരനടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2017 നവംബർ 21-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. കോഴിക്കോട് സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണത്തിനുവേണ്ടിയുള്ള പ്രത്യേക വ്യവസ്ഥ.—(1) 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിലോ (1975-ലെ 5) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിലോ റെഗുലേഷനിലോ ഓർഡിനൻസിലോ ചട്ടങ്ങളിലോ അഥവാ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ഓർഡിനൻസിന്റെ പ്രാരംഭ തീയതിക്കുമുൻപ് ഔദ്യോഗിക കാലാവധി അവസാനിച്ച കോഴിക്കോട് സർവ്വകലാശാലാ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും സംഗതിയിൽ പ്രസ്തുത സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും ചുമതലകൾ (2)-ാം ഉപവകുപ്പിൻകീഴിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു നികായം പന്ത്രണ്ട് മാസക്കാലത്തേക്കോ അല്ലെങ്കിൽ 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിന്റെ (1975-ലെ 5) വ്യവസ്ഥകൾക്ക് അനുസൃതമായി സെനറ്റും സിൻഡിക്കേറ്റും പുനഃസംഘടിപ്പിക്കുന്നതുവരെയോ, അതിൽ ഏതാണോ ആദ്യം, അതുവരെ നിർവ്വഹിക്കേണ്ടതാണ്.

(2) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, പ്രസ്തുത സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും എല്ലാ അധികാരങ്ങളും വിനിയോഗിക്കുന്നതിനും എല്ലാ ചുമതലകളും നിർവ്വഹിക്കുന്നതിനുമായി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു താൽക്കാലിക നികായത്തെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്:—

1. സിൻഡിക്കേറ്റിലെ എക്സ്-ഒഫീഷ്യോ അംഗങ്ങൾ.

2. നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ :

(i) സർവ്വകലാശാലയിലെ ഒരു അദ്ധ്യാപകൻ;

(ii) സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജിലെ ഒരു അദ്ധ്യാപകൻ;

(iii) സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജുകളിൽനിന്നും എയ്ഡഡ് കോളേജുകളിൽനിന്നും ഓരോ പ്രിൻസിപ്പൽ വീതം;

(iv) സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത എയ്ഡഡ് കോളേജുകളിൽനിന്നുള്ള രണ്ട് അദ്ധ്യാപക പ്രതിനിധികൾ;

(v) സർവ്വകലാശാലയിലുള്ളതോ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ അല്ലെങ്കിൽ എയ്ഡഡ് കോളേജുകളിൽ നിന്നും ഉള്ളതോ ആയ ഒരു വിദ്യാർത്ഥി;

(vi) വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന ആറ് പ്രമുഖ വ്യക്തികൾ, അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോപെടുന്ന ആളും ആയിരിക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് (2018-ലെ 40) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

പി. സദാശിവം,
*ഗവർണ്ണർ.*

# GOVERNMENT OF KERALA

## Law (Legislation-G) Department

## NOTIFICATION

No. 23606/Leg.G2/2017/Law.

*Dated, Thiruvananthapuram,* *14th September, 2018*
*29th Chingam, 1194*
*23rd Bhadra, 1940.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorize the publication in the Gazette of the following translation in English language of the Calicut University (Alternate Arrangement Temporarily of the Senate and Syndicate) Ordinance, 2018 (48 of 2018).

By order of the Governor,

B. G. HARINDRANATH,
*Law Secretary.*

[Translation in English language of the "2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ്" published under the authority of the Governor.]

# ORDINANCE No. 48 OF 2018

## THE CALICUT UNIVERSITY (ALTERNATE ARRANGEMENT TEMPORARILY OF THE SENATE AND SYNDICATE) ORDINANCE, 2018

Promulgated by the Governor of Kerala in the Sixty-ninth Year of the Republic of India.

*AN*

*ORDINANCE*

*to make alternate arrangement temporarily of the Senate and Syndicate of the Calicut University.*

*Preamble.*—WHEREAS, the Calicut University (Alternate Arrangement Temporarily of the Senate and Syndicate) Ordinance, 2017 (24 of 2017) was promulgated by the Governor of Kerala on the 20th day of November, 2017;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature was published as Bill No. 99 of 14th Kerala Legislative Assembly and the same could not be introduced in, and passed by, the Legislative Assembly during its session which commenced on the 22nd day of January, 2018 and ended on the 7th day of February, 2018;

AND WHEREAS, in order to keep alive the provisions of the said Ordinance, the Calicut University (Alternate Arrangement Temporarily of the Senate and Syndicate) Ordinance, 2018 (15 of 2018) was promulgated by the Governor of Kerala on the 12th day of February, 2018;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature was published as Bill No. 118 of 14th Kerala Legislative Assembly and the same could not be introduced in, and passed by, the Legislative Assembly during its session which commenced on the 26th day of February, 2018 and ended on the 4th day of April, 2018;

AND WHEREAS, in order to keep alive the provisions of the said Ordinance, the Calicut University (Alternate Arrangement Temporarily of the Senate and Syndicate) Ordinance, 2018 (23 of 2018) was promulgated by the Governor of Kerala on the 7th day of April, 2018;

AND WHEREAS, the Kerala State Legislative Assembly was not in session and the term of the interim body constituted as per the said Ordinance (23 of 2018) to exercise all the powers and perform all the functions of the Senate and Syndicate of the Calicut University would expire on the 27th day of May, 2018 and the Senate and Syndicate has not been reconstituted in accordance with the provisions of the Calicut University Act, 1975 (5 of 1975), for the smooth functioning of the University, the Calicut University (Alternate Arrangement Temporarily of the Senate and Syndicate) (Amendment) Ordinance, 2018 (37 of 2018) was promulgated by the Governor of Kerala on the 14th day of May, 2018 by making amendment by substituting the words "for a period of twelve months" for the words "for a period of six months" specified in sub-clause (1) of clause 2 of the Calicut University (Alternate Arrangement Temporarily of the Senate and Syndicate) Ordinance, 2018 (23 of 2018);

AND WHEREAS, a Bill to replace the said Ordinances by an Act of the State Legislature was published as Bill No. 146 of 14th Kerala Legislative Assembly and the same could not be introduced in, and passed by, the Legislative Assembly during its session which commenced on the 4th day of June, 2018 and ended on the 25th day of June, 2018;

AND WHEREAS, in order to keep alive the provisions of the said Ordinances, the Calicut University (Alternate Arrangement Temporarily of the Senate and Syndicate) Ordinance, 2018 (40 of 2018) was promulgated by the Governor of Kerala on the 6th day of July, 2018;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by, the Legislative Assembly of the State of Kerala, in its session which commenced on the 30th day of August, 2018 and ended on the same day;

AND WHEREAS, under sub-clause (a) of clause (2) of Article 213 of the Constitution of India, the Calicut University (Alternate Arrangement Temporarily of the Senate and Syndicate) Ordinance, 2018 (40 of 2018) will cease to operate on the 11th day of October, 2018;

AND WHEREAS, difficulties will arise if the provisions of the said Ordinance are not kept alive;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that the circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Calicut University (Alternate Arrangement Temporarily of the Senate and Syndicate) Ordinance, 2018.

(2) It shall be deemed to have come into force on the 21st day of November, 2017.

2. *Special provision for alternate arrangement temporarily of the Senate and Syndicate of the Calicut University.*—(1) Notwithstanding anything contained in the Calicut University Act, 1975 (5 of 1975) or in any statute, regulation, ordinance or rules made thereunder or in any judgment, decree or order of any court, in the case of the Senate and Syndicate of the Calicut University, the term of office of which expired prior to the date of commencement of this Ordinance, the functions of the Senate and Syndicate of the said University shall be exercised by a body nominated by the Government under sub-section (2) for a period of twelve months or till the reconstitution of the Senate and Syndicate in accordance with the provisions of the Calicut University Act, 1975 (5 of 1975), whichever is earlier.

(2) The Government may, by notification in the Gazette, nominate an interim body consisting of the following members to exercise all the powers and perform all the functions of the Senate and Syndicate of the said University:—

1. *Ex-officio* members of the Syndicate.

2. Nominated members:

(i) A teacher of the University;

(ii) A teacher of a Government College affiliated to the University;

(iii) One Principal each from the Government Colleges and Aided Colleges affiliated to the University;

(iv) Two teacher representatives from the Aided Colleges affiliated to the University;

(v) One student from the University or from the Government or Aided Colleges affiliated to the University;

(vi) Six eminent persons working in the education sector, of which one shall be a woman and one shall be a person belonging to the Scheduled Castes or Scheduled Tribes.

3. *Repeal and saving.*—(1) The Calicut University (Alternate Arrangement Temporarily of the Senate and Syndicate) Ordinance, 2018 (40 of 2018) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the said Ordinance shall be deemed to have been done or taken under this Ordinance.

P. SATHASIVAM,

*GOVERNOR.*